(ഡി) തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ സയൻസ് ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനായി ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ഇ) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകി : നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 9.

(ബി) 21 ഫിസിക്കൽ സയൻസ് അദ്ധ്യാപകരെ ദിവസക്കൂലി അടിസ്ഥാനത്തിൽ 19-6-2003- ലെ ജി. ഒ. (പി.) 166/03 പൊ. വി. ഉത്തരവ് പ്രകാരം ഹെഡ്മാസ്റ്റർമാർ നിയമിച്ചിട്ടുണ്ട്. 9-7-2003 ലെ ഡബ്ല്യു.സി.പി. 17557/03 ഹൈക്കോടതി ഉത്തരവ് പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ഫിസിക്കൽ സയൻസ് അദ്ധ്യാപകരെയും പിരിച്ചു വിടാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ 16-7-2003 -ലെ എ1/19624/03 നമ്പർ കത്ത് പ്രകാരം ഹെഡ്മാസ്റ്റർ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിയമിച്ചിട്ടില്ല.

(ഡി) 11-9-2001- ൽ

(ഇ) 20 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ നിയമനം

128 (4408) ശ്രീ. ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-9-2002 -ൽ നിലവിൽ വന്ന എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ പാലക്കാട് ജില്ലാ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും, എത്ര പേർക്ക് നിയമനം ഇന്നേവരെ നടത്തി :

(ബി) പാലക്കാട് ജില്ലയിൽ ഇപ്പോൾ വിവിധ സ്കൂളുകളിലായി എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ; ഇല്ലെങ്കിൽ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 50 പേർക്ക്.

(ബി) 178 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിന് വേണ്ടിയുള്ള പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly